# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം - പാലാ നഗരസഭ വിദ്യാഭ്യാസ ഉപയോഗ (സ്കൂൾ) കെട്ടിട നിർമ്മാണം-പാലാ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലായുടെ 29.01.2019 ലെ അപേക്ഷ.

## ഉത്തരവ് നമ്പർ C/166/2019/D.Dis, തീയതി : 04.02.2019

കോട്ടയം ജില്ലയിലെ, പാലാ നഗരസഭാ പരിധിയിലുള്ള ളാലം വില്ലേജിൽ, ബ്ലോക്ക് നമ്പർ 80 ൽ റീ സർവ്വെ നമ്പർ 19/17 ൽ പെട്ട 13931 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 3363.65 ച.മീറ്റർ വിസ്തീർണ്ണത്തിൽ വിദ്യാഭ്യാസ അനുബന്ധ ഉപയോഗങ്ങളുടെ കെട്ടിടങ്ങൾ നിലവിലുള്ള പ്ലോട്ടിൽ 2586.86 ച.മീറ്റർ വിസ്തീർണ്ണമുള്ള വിദ്യാഭ്യാസ ഉപയോഗ കെട്ടിടവും 31.20 ച.മീറ്റർ ടോയ്ലറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിന്, താഴെപ്പറയുന്ന നിബന്ധനകൾക്കും പ്രസിദ്ധീകൃത പാലാ മാസ്റ്റർ പ്ലാനിനും വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

### നിബന്ധനകൾ

1. KMBR-1999 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. ചട്ടം 54(7) പ്രകാരം ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. നിർദ്ദിഷ്ട വസ്തു പുറമ്പോക്ക്ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
5. ചട്ടം 54 (5) പ്രകാരം നിർദ്ദിഷ്ട നിർമ്മാണത്തിന് അഗ്നി സുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.
6. ചട്ടം 54 (4a) പ്രകാരം നിർദ്ദിഷ്ട നിർമ്മാണത്തിന് അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
7. ചട്ടം 54(8) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.
8. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി നേടിയിരിക്കണം.
9. ചട്ടം 109 A പ്രകാരം ഭൂഗർഭ ജലപോഷണ സംവിധാനം നൽകിയിരിക്കണം.

10. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

11. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

12. ചട്ടപകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

13. KMBR-1999 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

14. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KMBR-99 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കരണാനുമതിയ്ക്ക് പരിഗണിക്കാവൂ

*"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളു".*

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 08/19)

സുജ മത്തായി
**ടൗൺ പ്ലാനർ**

OFFICE OF THE TOWN PLANNER
PIN - 686 001
PH: 2584160
KOTTAYAM

വികാരി,
സെന്റ് തോമസ് കത്തീഡ്രൽ
പാലാ (പ്ലാൻ 1 സെറ്റ് സഹിതം)

DESPATCHED
Date 05/2/19

പകർപ്പ് : 1. സെക്രട്ടറി, പാലാ നഗരസഭ

2. അധികം-1

MD/04.02.19